കാളേജിൽ പോകുന്ന പെൺകുട്ടികൾക്ക് ട്രാൻസ്പോർട്ട് ബസ്സ് സൗകര്യം.

42. [10] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സ്റ്റേറ്റിലുള്ള കാളേജുകളിൽ പോകുന്ന പെൺകുട്ടികൾക്കു വേണ്ടി പ്രത്യേകം ട്രാൻസ്പോർട്ട് ബസ്സ് ഓടുന്നുണ്ടോ;

(ബി) ആൺകുട്ടികളേയും പെൺകുട്ടികളേയും കയറ്റിക്കൊണ്ടു പോകുന്ന ബസ്സുകളിൽ ആൺകുട്ടികൾക്ക് ഇരിക്കാൻ സൌകര്യം കൊടുക്കുകയും പതിനഞ്ചും ഇരുപതും പെൺകുട്ടികൾ നിന്നും പോകുന്നതു് ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) കൊട്ടാരക്കരനിന്നും പന്തളത്തേക്കു പോകുന്ന ബസ്സിൽ പെൺകുട്ടികൾക്ക് ഇരുന്നു പോകുവാൻ സൌകര്യം കിട്ടുന്നില്ലെന്ന കാര്യം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) പെൺകുട്ടികൾക്ക് ഒരു ബസ്സ് എങ്കിലും അവിടെ പ്രത്യേകം ഓടുന്നതിനു് കല്പന പുറപ്പെടുവിക്കുമോ?

ഉത്തരം

(എ) ഏതാനും ചില സർവ്വീസുകൾ ഉണ്ടു്.

(ബി) ഗവണ്മെൻറിന്റെ അറിവിൽ പെട്ടിട്ടില്ല.

(സി) ഇല്ല.

(ഡി) പെൺകുട്ടികൾക്കു് വേണ്ടിമാത്രം ഒരു ബസ്സ് ഓടിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ

43. [12] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ഡിസ്ട്രിക്റ്റിൽ ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ ഏതെല്ലാം;

(ബി) അവയിൽ വിവിധ തസ്തികകളിലായി പ്രതിമാസശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ എത്ര പേർ വീതമാണു്;

(സി) ഇപ്പോഴത്തെ വ്യവസായവകുപ്പുമന്ത്രി ചാർജ്ജെടുത്തതിനുശേഷം ആ സ്ഥാപനങ്ങളിൽ എത്ര പേരെ നിയമിച്ചു;

(ഡി) അവയിൽ പട്ടികജാതിയിൽ ഓരോ സമുദായത്തിലും പെട്ടവർ എത്ര; ആരെല്ലാം?

ഉത്തരം

(എ) എറണാകുളം ഡിസ്ട്രിക്റ്റിൽ ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ ഇല്ല.

(ബി,സി,ഡി) ചോദ്യം ഉദിക്കുന്നില്ല

ഗവണ്മെൻറുടമയിലുള്ള വ്യവസായസ്ഥാപനങ്ങൾ.

44. [16] ശ്രീ. പി. സി. ആദിച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർഡിസ്ട്രിക്റ്റിൽ ഗവണ്മെൻറുടമയിലുള്ള എത്ര വ്യവസായസ്ഥാപനങ്ങളുണ്ടു്; ഏതെല്ലാം;

(ബി) അവയിൽ ഓരോന്നിലും വിവിധ തസ്തികകളിലായി പ്രതിമാസശമ്പളം പറ്റുന്ന ഉദ്യോഗസ്ഥന്മാർ എത്ര പേർ വീതമുണ്ടു്;

LIBRARY ARCHIVES Kerala Legislative Assembly